# NATIONAL BULLETIN

**DATE : 16.06.2025** പ്രധാന വാർത്തകൾ **TIME:12.50PM**

1) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ത്രിരാഷ്ട്ര പര്യടനം വിജയകരമായി പുരോഗമിക്കുന്നു. സൈപ്രസ് പ്രസിഡൻറുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തുന്നു.

**As part of the three-nation visit, Prime Minister Narendra Modi is holding a one-on-one meeting with President Nikos Christodoulides. PM was accorded a ceremonial welcome at the Presidential Palace in Nicosia.**

2) 2027 ലെ ജനസംഖ്യാകണക്കെടുപ്പിനുള്ള ഗസറ്റ് വിജ്ഞാപനം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചു.

**The Government today issued notification to conduct the Census.**

3) ദുരന്ത നിവാരണ മേഖലയിൽ ഇന്ത്യയെ ആഗോള ശക്തിയാക്കുന്നതിൽ രാജ്യത്തെ ദുരന്ത പ്രതികരണ സേനകൾ നിർണായക പങ്ക് വഹിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

**India's disaster response agencies played a key role in making the country a global power in the area of disaster management, says Union Home Minister Amit Shah**

4) അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര സർക്കാർ രൂപീകരിച്ച ഉന്നതതല സമിതിയുടെ ആദ്യ യോഗം ഇന്ന്

**The first meeting of the high-level committee set up by the government to investigate the Ahmedabad plane crash will be held today afternoon in New Delhi.**

5) കേരളത്തിൽ കനത്ത മഴ തുടരുന്നു. വടക്കൻ ജില്ലകളിൽ ചുവപ്പ് ജാഗ്രത. സംസ്ഥാനത്ത് വ്യാപക മഴക്കെടുതികൾ.

**Heavy rainfall continues in Kerala. Red alert issued in northern district. Widespread damage reported across the state.**

6)ഇസ്രായേൽ- ഇറാൻ സംഘർഷം നാലാം ദിവസവും രൂക്ഷമായി തുടരുന്നു. മിസൈൽ ആക്രമണത്തിൽ ഇരു പക്ഷത്തും വ്യാപക നാശനഷ്ടങ്ങൾ.

**The conflict between Israel and Iran has entered its fourth day, with both sides firing new waves of missiles overnight amid international pleas for diplomacy and de-escalation.**

**&&&&&&&&&&&&&&**

## HEADLINE-1

**PM CYPRUS intro**

*സൈപ്രസുമായുള്ള സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന്*

*പ്രധാനമന്ത്രി നരേന്ദ്ര മോദി. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി സൈപ്രസിലെ ലെമെസോസിൽ വ്യാപാരവുമായി ബന്ധപ്പെട്ട വട്ടമേശ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നുഅദ്ദേഹം. മാരിടൈം രംഗം, തുറമുഖ വികസനം, കപ്പൽ മേഖല എന്നിവയുടെ പ്രോത്സാഹനത്തിനായി ഇന്ത്യ സ്വീകരിച്ചുവരുന്ന നയങ്ങൾ അദ്ദേഹം വിശദീകരിച്ചു. യൂറോപ്പിലേക്കുള്ള ഇടനാഴിയായാണ് ഇന്ത്യൻ കമ്പനികൾ സൈപ്രസിനെ കാണുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഷിപ്പിങ്ങ്, എഐ, സെമികണ്ടക്ടർ, ഫിൻടെക് മേഖലകളിൽ നിക്ഷേപം നടത്താൻ അദ്ദേഹം സൈപ്രസ് കമ്പനികളെ ഇന്ത്യയിലേക്ക് ക്ഷണിച്ചു*

*(ഹോൾഡ്)*

*സൈപ്രസ് പ്രസിഡൻറ് നികോസ് ക്രിസ്റ്റോ ഡുലൈഡ്സുമായി പ്രധാനമന്ത്രി ഇപ്പോൾ ഉഭയകക്ഷിചർച്ച നടത്തുകയാണ്. പ്രസിഡൻറിൻറെ ഔദ്യോഗിക വസതിയിൽ അൽപസമയം മുൻപ് എത്തിച്ചേർന്ന ശ്രീ മോദിക്ക് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. ഇന്ത്യ-യൂറോപ്യൻ യൂണിയൻ പങ്കാളിത്തം , ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി തുടങ്ങിയ വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്യും. തുടർന്ന് ജി-7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി അദ്ദേഹം ക്യാനഡയിലെത്തും. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. വിദേശപര്യടനത്തിൻറെ മൂന്നാം പാദത്തിൽ ശ്രീ മോദി ക്രൊയേഷ്യ സന്ദർശിച്ച് ഉന്നത നേതാക്കളുമായി കൂടിക്കാഴ്ച നടത്തും.*

&&&&&&&&&&&&&&&

## HEADLINE-2

**HOME MINISTER – CENSUS**

2027 ലെ ജനസംഖ്യാകണക്കെടുപ്പിനുള്ള ഗസറ്റ് വിജ്ഞാപനം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചു .ഇതാദ്യമായാണ് രാജ്യത്ത് പൊതു സെൻസെസിനൊപ്പം ജാതി സെൻസെസും നടപ്പാക്കുന്നത്. രണ്ട് ഘട്ടങ്ങളായി നടക്കുന്ന പ്രക്രിയ പൂർണ്ണമായും ഡിജിറ്റലായാണ് നടക്കുക. 2027 മാർച്ച് ഒന്നിനാണ് കണക്കെടുപ്പ് ആരംഭിക്കുക. മഞ്ഞുവീഴ്ചയ്ക്കുള്ള സാധ്യത പരിഗണിച്ച് ജമ്മുകശ്മീർ, ലഡാക്, ഹിമാചൽ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ 2026 ഒക്ടോബർ ഒന്നിന് നടപടിക്രമങ്ങൾ ആരംഭിക്കും. സെൻസെസിനുള്ള തയ്യാറെടുപ്പുകൾ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്നലെ ന്യൂഡൽഹിയിൽ വിലയിരുത്തി.

&&&&&&&&&&&&&&&

## HEADLINE-3

**Amitshah (Intro)**

*ദുരന്ത നിവാരണ മേഖലയിൽ ഇന്ത്യയെ ആഗോള ശക്തിയാക്കുന്നതിൽ രാജ്യത്തെ ദുരന്ത പ്രതികരണ*

***<u>സേനകൾ നിർണായക പങ്ക് വഹിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർമാരുടെയും, ദുരന്ത പ്രതികരണ സേനകളുടെയും സമ്മേളനത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. NDMA, NDRF, CDRI എന്നിവയുടെ പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു.</u>***

*<u>(ഹോൾഡ്)</u>*

**&&&&&&&&&&&&&&**

## <u>HEADLINE-4</u>

## <u>HOME SECY – COMMITTEE MEETING</u>

അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര സർക്കാർ രൂപീകരിച്ച ഉന്നതതല സമിതിയുടെ ആദ്യ യോഗം ഇന്ന് ഉച്ച തിരിഞ്ഞ് ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര ആഭ്യന്തര സെക്രട്ടറി അധ്യക്ഷനായിട്ടുള്ള സമിതിയിൽ സിവിൽ ഏവിയേഷൻ മന്ത്രാലയം സെക്രട്ടറി ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥർ അംഗങ്ങളാണ്. മൂന്ന് മാസത്തിനുള്ളിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി സമിതിയുടെ നേതൃത്വത്തിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ തയ്യാറാക്കും. അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനുള്ള DNA പരിശോധനകൾ തുടരുകയാണ്. ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടേതുൾപ്പെടെ 80 പേരുടെ മൃതദേഹങ്ങൾ ഇതിനകം തിരിച്ചറിഞ്ഞു.

**&&&&&&&&&&&&&&**

### <u>YOGA DAY PREPARATIONS</u>

ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കും. 21-ന് രാവിലെ 6:30 മുതൽ 7:40 വരെ

ആയിരിക്കും പരിപാടികൾ . ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് സംഘടിപ്പിക്കുന്ന പ്രധാന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. പരിപാടിക്കായുള്ള ഒരുക്കങ്ങൾ വിശാഖപട്ടണത്ത് പുരോഗമിക്കുകയാണ്. അഞ്ച് ലക്ഷം പേർ പരിപാടിയിൽ പങ്കെടുക്കുമെന്നാണ് കണക്കുകൂട്ടൽ. ചുവപ്പ് കോട്ട, കർത്തവ്യപഥ് തുടങ്ങി ഡൽഹിയിലെ പ്രധാന കേന്ദ്രങ്ങളിൽ യോഗാ ദിനത്തോടനുബന്ധിച്ച് വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&

## HEADLINE-5

**KERALA RAIN**

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. വടക്കൻ ജില്ലകളിൽ അതിശക്തമായ മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. സംസ്ഥാനത്തുടനീളം വൻതോതിൽ നാശനഷ്ടങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള 11 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള അഞ്ച് ജില്ലകളിൽ ചുവപ്പ് ജാഗ്രതയും പത്തനംതിട്ട, കോട്ടയം, എറണാകുളം , ഇടുക്കി, തൃശ്ശൂർ , പാലക്കാട് ജില്ലകളിൽ ഓറഞ്ചും മറ്റ് മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മീൻപിടിത്തം നിരോധിച്ചു. മലയോര മേഖലയിലേക്കുള്ള രാത്രി യാത്രയ്ക്കും വിനോദ സഞ്ചാരത്തിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കനത്ത മഴയെത്തുടർന്ന് പല ട്രെയിനുകളും വൈകിയാണ് ഓടുന്നത്.

&&&&&&&&&&&&&&

**KANNUR RAIN (INTRO)**

***കണ്ണൂരിൽ അതിശക്തമായ മഴ തുടരുകയാണ്.***

***ശക്തമായ കാറ്റിൽ ഒട്ടേറെ വീടുകൾക്ക് കേടുപറ്റി.***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ..***

***(വോയിസ്)***

&&&&&&&&&&&&&&

**RIVER ALERT**

കനത്ത മഴയെത്തുടർന്ന് സംസ്ഥാനത്തെ നദികളിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ നദികളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്. കാസർഗോഡ് - ഉപ്പള, നീലേശ്വരം, പത്തനംതിട്ട മണിമലയാർ തുടങ്ങിയ നദികളിൽ ഓറഞ്ച് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

പാലക്കാട് ശിരുവാണി ഡാമിൻ്റെ ഷട്ടർ 150 സെ മീറ്റർ ഉയർത്തി. ശിരുവാണിപ്പുഴ- ഭവാനിപ്പുഴ എന്നിവയുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

&&&&&&&&&&&&&&

**PLUS ONE**

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന്റെ മൂന്നാമത്തേതും അവസാനത്തേതുമായ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. ഇന്ന് മുതൽ നാളെ വൈകിട്ട് 5 വരെ പ്രവേശനം നേടാം. താൽക്കാലിക പ്രവേശനത്തിലുള്ള വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നിലനിർത്താൻ ഇനി അവസരം ഉണ്ടായിരിക്കില്ല. സ്പോർട്സ് ക്വാട്ടയുടെ അവസാന അലോട്ട്മെന്റും ഇതോടൊപ്പം പ്രസിദ്ധീകരിക്കും. ഇതുവരെ അപേക്ഷിക്കുവാൻ കഴിയാത്തവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനായി പുതിയ അപേക്ഷകൾ സമർപ്പിക്കാം.

&&&&&&&&&&&&&&

# HEADLINE-6

## IRAN-ISRAEL CONFLICT

ഇസ്രായേൽ- ഇറാൻ സംഘർഷം നാലാം ദിവസത്തിലും രൂക്ഷമായി തുടരുന്നു. ശക്തമായ മിസൈൽ ആക്രമണങ്ങൾ ഇരു പക്ഷത്തും വലിയ നാശനഷ്ടങ്ങളാണ് ഉണ്ടാക്കുന്നത്. ഇറാനിയൻ റെവല്യൂഷണറി ഗാർഡ് കോർപ്സിന്റെ രഹസ്യ വിഭാഗമായ ഖുദ്സ് ഫോഴ്സിന്റെ കേന്ദ്രങ്ങളിൽ, യുദ്ധവിമാനങ്ങൾ ഉപയോഗിച്ച് ആക്രമണം നടത്തിയതായി ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു. ഇസ്രായേലി എണ്ണ ശുദ്ധീകരണശാലയും വൈദ്യുതി ഗ്രിഡും ലക്ഷ്യമിട്ട് ഇന്ന് പുലർച്ചെ ഇറാനും ആക്രമണങ്ങൾ നടത്തി. സംഘർഷത്തിൽ ഇതുവരെ ഇസ്രായേലിൽ 20 പേരും ഇറാനിൽ 220-ൽ അധികം പേരും കൊല്ലപ്പെട്ടിട്ടുണ്ട്. ഇസ്രായേൽ ആക്രമണം തുടരുന്നതിനിടെ വെടിനിർത്തൽ ചർച്ചകളിൽ പങ്കെടുക്കാൻ താത്പര്യമില്ലെന്ന് ഇറാൻ നിലപാട് വ്യക്തമാക്കി. ഇസ്രയേലും സംഘർഷം ലഘൂകരിക്കാൻ താത്പര്യമില്ലെന്ന നിലപാട് തുടരുകയാണ്. അതേസമയം ഇസ്രയേലിന് പാശ്ചാത്യ രാജ്യങ്ങൾ സഹായം നൽകിയാൽ മേഖലയിലെ യുഎസ്, യുകെ, ഫ്രഞ്ച് സൈനിക കേന്ദ്രങ്ങൾ ആക്രമിക്കുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി. സംഘർഷം കൂടുതൽ പശ്ചിമേഷ്യൻ രാജ്യങ്ങളിലേക്ക് വ്യാപിക്കാതിരിക്കാൻ ലോകരാജ്യങ്ങൾ നയതന്ത്ര നീക്കങ്ങൾ തുടരുകയാണ്.

&&&&&&&&&&&&&&

## India Embassy

ഇറാനിലെ സുരക്ഷാ സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ച് വരുന്നതായും ഇന്ത്യൻ വിദ്യാർത്ഥികൾ സ്വയം സുരക്ഷ ഉറപ്പാക്കണമെന്നും ടെഹ്റാനിലെ ഇന്ത്യൻ എംബസി . ചില വിദ്യാർത്ഥികളെ എംബസി സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിയതായും വിദേശകാര്യമന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഇസ്രായേലിലെ ഇന്ത്യൻ സമൂഹവുമായും സ്ഥിതിഗതികൾ ചർച്ച ചെയ്തതായി ഇന്ത്യൻ എംബസി വ്യക്തമാക്കി.

&&&&&&&&&&&&&&

## MI6 - FEMALE CHIEF

യുകെ രഹസ്യാന്വേഷണ ഏജൻസി MI-6 ന്റെ 18-ാമത് മേധാവിയായി ബ്ലെയ്സ് മെട്രെവെലി ചുമതലയേൽക്കും. ഇതാദ്യമായാണ് ഏജൻസിയുടെ തലപ്പത്തേക്ക് ഒരു വനിതയെത്തുന്നത്. നിലവിലെ മേധാവി റിച്ചാർഡ് മൂറിൻറെ ഔദ്യോഗിക കാലാവധി പൂർത്തിയായ ശേഷം, ഈ വർഷം അവസാനതോടെയാണ് ബ്ലെയ്സ് മെട്രെവെലി ചുമതലയേൽക്കുക.

&&&&&&&&&&&&&&

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 650 പോയിൻറ് നേട്ടത്തിൽ 81,768 ലും

ദേശീയ ഓഹരി സൂചിക നിഫ്റ്റി 216 പോയിൻറ് നേട്ടത്തിൽ 24,934 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് 74,440 രൂപയും ഗ്രാമിന് 15 രൂപ കുറഞ്ഞ് 9,305 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&&&